ശ്രീ. പി. വിശ്വൻ : ഫിഷറീസ് വകുപ്പിൽനിന്നും തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ശുദ്ധജലം ലഭിക്കാൻ നിരവധി പദ്ധതികൾ ഈ സർക്കാർ പ്രാവർത്തികമാക്കിയിട്ടുണ്ട്. ലക്ഷക്കണക്കിനു രൂപ അതിനുവേണ്ടി കൊടുത്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ പൂർത്തിയാക്കുന്ന കാര്യത്തിൽ എത്രത്തോളം മുന്നോട്ടുപോയി എന്നുള്ളതിന്റെ ഒരു കൃത്യത സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഈ പണം പലപ്പോഴും ത്രിതല പഞ്ചായത്തുകൾക്കും വാട്ടർ അതോറിട്ടിക്കും ഹാർബർ എൻജിനീയറിംഗിനുമൊക്കെ മാറിമാറി കൊടുത്ത് മോണിട്ടറിംഗ് നടത്താത്തതുകൊണ്ടുതന്നെ ആ പണം വേണ്ടതുപോലെ ചെലവാകുന്നില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : 76 പഞ്ചായത്തുകൾക്കാണ് ഇപ്പോഴുള്ള തുക വിതരണം ചെയ്യാൻ കൊടുത്തിട്ടുള്ളത്. പഞ്ചായത്തുകളിൽ ഇതിന് സാങ്കേതികസൗകര്യം ഇല്ലാത്തതിന്റെ ഫലമായി പഞ്ചായത്തുകൾ ഇത് വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിട്ടിക്കും അതുപോലെ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനും തുക ഏൽപ്പിച്ച് അവർവഴി ഇതു നടത്താനുള്ള ഏർപ്പാട് ഉണ്ടാക്കുമെന്നാണ് ഇപ്പോൾ അറിയിച്ചിട്ടുള്ളത്. 76 പഞ്ചായത്തുകൾ കഴിഞ്ഞ് കൂടുതൽ പഞ്ചായത്തുകൾക്ക് തുക കൊടുക്കാൻ തയ്യാറാണ്. സാങ്കേതികസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് അവർക്ക് ഇതു നടത്താൻ പറ്റുന്നില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 239

4 (*239) ദേശീയപാതകളുടേയും പി.ഡബ്ല്യു.ഡി. റോഡുകളുടെയും വികസനത്തിന് തടസ്സമാകുന്ന നിർമ്മാണ ചട്ടങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടേയും പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. റോഡുകളുടേയും വികസനത്തിന് തടസ്സമാകുന്ന തരത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാതകളിൽനിന്നും പി.ഡബ്ല്യു.ഡി. റോഡുകളിൽ നിന്നും നിശ്ചിത അകലം പാലിച്ചുകൊണ്ടാണ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ പി.ഡബ്ല്യു.ഡി. സ്വന്തം നിലയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അയവ് വരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച പുതിയ ഉത്തരവ് പി.ഡബ്ല്യു.ഡി. റോഡുകളുടേയും ദേശീയ പാതകളുടേയും വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് പ്രസ്തുത ചട്ടങ്ങളിലെ അപാകത നീക്കം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയപാതകളുടേയും പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് റോഡുകളുടേയും പാർശ്വങ്ങളിൽ കെട്ടിടങ്ങൾ വർക്ക്ഷോപ്പുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം നിയന്ത്രിക്കുന്നതിനും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടയ്ക്കുന്ന രീതിയിൽ റോഡിന്റെ ഇരുവശവും നികത്തുന്നതു തടയുന്നതിനും ആവശ്യമായ വകുപ്പുകൾ ഉൾക്കൊള്ളുന്ന കേരള ഹൈവേ സംരക്ഷണ ബിൽ, 1999, നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(സി) ഇല്ല.

<u>ശ്രീ. കെ. മുഹമ്മദാലി</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഹൈവേ സംരക്ഷണ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പംതന്നെ നിർദ്ദിഷ്ട അകലം പാലിക്കാതെ നടത്തുന്ന റോഡ് നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത കെട്ടിടനിർമ്മാണങ്ങളും തടയുന്നതിന് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ ദേശീയ പാതകളുടേയും ഹൈവേയുൾപ്പെടെയുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെയും വികസനത്തെ ഗുരുതരമായി ബാധിച്ചുവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്യാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ശ്രമം നടത്തുന്നത് വരാൻ പോകുന്ന ഹൈവേ സംരക്ഷണ ബില്ലിനു തന്നെ ദോഷകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് ഇത്തരം കാര്യങ്ങളിൽനിന്നും പിറകോട്ട് പോകുന്നത് സംസ്ഥാനത്തിന്റെ താല്പര്യത്തിന് വളരെ ആവശ്യമാണ് എന്നുള്ളത് ഗവൺമെന്റിന്റെ പരിഗണനയിൽ വരുമോ എന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, അടുത്തകാലത്ത് ഇറക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവ് കുറച്ചുകൂടി കർശനമായ നിലപാട് സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്റ്റേറ്റ് ഹൈവേ, അല്ലെങ്കിൽ മുനിസിപ്പാലിറ്റി റോഡ്, ഇതിലൊക്കെ 3 മീറ്ററിനുള്ളിൽ കെട്ടിടം നിർമ്മിക്കാനോ മതിൽ കെട്ടാനോ ഇപ്പോൾ അനുവദിക്കുന്നില്ല. അതുപോലെ 10 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടമാണെങ്കിൽ ഓരോ മീറ്ററിനും .5 മീറ്റർ വച്ച് ഉള്ളിലേക്ക് വലിച്ചുകെട്ടണം എന്നാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ ഇപ്പോൾ നമ്മുടെ നിർദ്ദിഷ്ട ബില്ലിൽ 19,20,21 എന്നീ ഖണ്ഡികകളിൽ ഹൈവേ അതോറിറ്റിയുടെ അനുവാദം വേണം. അപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണവും ഹൈവേ അതോറിറ്റിയുടെ നിയന്ത്രണവും കൂടിയാകുമ്പോൾ ഇന്നുള്ള പ്രവണത നമുക്ക് തടയാൻ കഴിയും എന്നാണ് എന്റെ പ്രതീക്ഷ.

<u>ശ്രീ. കെ. മുഹമ്മദാലി</u> : നിയമം ഇല്ല എന്നുള്ളതുകൊണ്ടല്ല. ഇത് നടപ്പിലാക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഏജൻസികൾ ആത്മാർത്ഥത കാണിക്കുന്നില്ല. ദേശീയപാതയിലെ കാര്യം അങ്ങേയ്ക്ക് അറിയാം. ഒരു മീറ്റർപോലും വിടാതെയാണ് പല സ്ഥലങ്ങളിലും ഇപ്പോൾ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. ഇതുകൊണ്ട് വരാവുന്ന അപകടം കേന്ദ്ര ഉപരിതല വകുപ്പിൽനിന്നും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ലാന്റ് അക്വിസിഷന് എസ്റ്റിമേറ്റ് അയച്ചാൽ ഒന്നിനും സാങ്ഷൻ തരുന്നില്ല. എസ്റ്റിമേറ്റിനേക്കാൾ പതിൻമടങ്ങ് തുകവരുന്നു എന്ന് പറഞ്ഞുകൊണ്ട് കേരളത്തിന്റെ പ്രധാനപ്പെട്ട ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റുകൾക്ക് അനുമതി തരുന്നില്ല. ഉദാഹരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വരാപ്പുഴ പാലത്തിന്റെ പണി കഴിയാറായി. ഇടപ്പള്ളിവരെയുള്ള റോഡിനുള്ള എൽ.എ. എസ്റ്റിമേറ്റ് കൊടുത്തിട്ടും അവർ സാങ്ഷൻ തരുന്നില്ല. അതു പോലെ പ്രധാന പ്രോജക്ടുകൾക്കുള്ള ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റുകളൊക്കെ പെന്റിംഗിലാണ്. അവർ പറയുന്നത്, ഇവിടെനിന്നും അയയ്ക്കുന്ന എസ്റ്റിമേറ്റിനേക്കാൾ പതിൻമടങ്ങ് തുക അനധികൃത കെട്ടിടനിർമ്മാണങ്ങൾക്കൊക്കെ ലാന്റ് അക്വിസിഷൻ നടക്കുമ്പോൾ നൽകേണ്ടിവരുന്നതുകൊണ്ട്, വലിയ ബാധ്യത വരുന്നു. സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യത്തിന് ഇത് വളരെ അപകടകരമാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഹൈവേ സംരക്ഷണ ബിൽ കൊണ്ടുവരുന്നത്. ഇനി നമുക്ക് പിറകോട്ടു പോകാൻ നിവർത്തിയില്ല. 1970-ൽ ഈ നിയമസഭയിൽ കൊണ്ടുവന്ന ഒരു ബില്ലാണിത്. അത് പാസ്സാക്കാതിരുന്നതുകൊണ്ടാണ് ഇത്തരത്തിൽ റോഡുകളോട് വളരെ ചേർത്ത് കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടത്. ഇപ്പോൾ അതിൽ പല വ്യവസ്ഥകളും നമ്മൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അങ്ങനെ ഒരു റോഡുവികസനത്തിന് ആവശ്യമുണ്ടെന്ന് തോന്നുന്ന സ്ഥലങ്ങളിൽ കെട്ടിടം പണിക്കുള്ള അനുമതി കൊടുത്തുകൂടാ. ഈ ബിൽ പാസ്സാക്കുന്നതോടുകൂടി നമുക്ക് കർശനമായ സമീപനം സ്വീകരിക്കാൻ കഴിയും.

<u>ശ്രീ. പി.സി. ജോർജ്</u> : സർ, പി.ഡബ്ല്യു.ഡി റോഡുകളുടെ വികസനത്തിൽ നിലവിലുള്ള നിയമങ്ങളുടെ അപര്യാപ്തത കൊണ്ടാണ് വികസനം തടയപ്പെടുന്നത് എന്നത് വിശ്വസിക്കാൻ കഴിയുന്നില്ല. ഉദാഹരണമായി റോഡിന്റെ സൈഡ് പുറംപോക്ക് എന്ന നിലയിൽ ടാർ ഇല്ലാത്ത ഭാഗത്ത് കൈയേറ്റങ്ങൾ നടക്കുന്നു, വീടുവയ്ക്കുന്നു. ടാറിനോട് ചേർന്നുവരെ വീടുകൾ. പത്തുമുപ്പത് വീടുള്ള റോഡുകൾ എനിക്ക് നേരിട്ടറിയാം.

യഥാർത്ഥത്തിൽ അതു തടയാൻ നിയമങ്ങൾ ഇപ്പോൾ ഉണ്ട്. അത് തടയാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനാസ്ഥയാണെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ അനധികൃതമായി കൈയേറ്റങ്ങൾ ഉണ്ടെങ്കിൽ അത് തടയാതിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കും എന്നുള്ള നിർദ്ദേശം കൊടുത്ത് പി.ഡബ്ല്യു.ഡി. റോഡുകളെ കൈയേറ്റങ്ങളിൽനിന്നും തടയാനുള്ള ശ്രമം ഗവൺമെന്റ് നടത്തുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : പല വകുപ്പുകൾ കൂടിയാണ് നടപടി സ്വീകരിക്കേണ്ടത്. പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ് എല്ലാം കൂടി ചേർന്നാണ് നടപടിയെടുക്കേണ്ടത്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഇത്തരം കാര്യങ്ങൾക്ക് കർശനമായ ഒരു നിലപാട് സ്വീകരിക്കാം. പക്ഷെ ഇന്നുള്ള വീടുകളെ സംബന്ധിച്ച് ഒരു സുപ്രഭാതത്തിൽ ആ വീടുകളെല്ലാം പൊളിച്ചുമാറ്റി അവരോട് വെറുംകൈയോടെ പോകാൻ പറയാൻ കഴിയില്ല. അവരെ മുഴുവൻ പുനരധിവസിപ്പിക്കണം. റോഡ് പുറംപോക്കിലുള്ള ആളുകൾക്ക് വേറെ സ്ഥലവും വീടും നൽകണം. പാർപ്പിട നിർമ്മാണ പദ്ധതിയിൽ തീർച്ചയായിട്ടും മുൻഗണനയുണ്ട്. റോഡരികിൽ, പുറംപോക്കിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് മുൻഗണന കൊടുത്തുകൊണ്ടുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടു നീങ്ങുന്നത്.

<u>ശ്രീ. എ.കെ. മണി</u> : സർ, എൻ.എച്ച്. 49 എന്റെ മണ്ഡലത്തിൽക്കൂടിയാണ് പോകുന്നത്. അതായത് കൊച്ചിൻ-മധുര റോഡ്. പല സ്ഥലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് തേയിലത്തോട്ടവും ഏലത്തോട്ടവും ഉള്ള എസ്റ്റേറ്റിൽ കൂടിയാണ്. ഈ റോഡുകളിൽക്കൂടി വാഹനം ഓടുന്നതിൽ തോട്ടം ഉടമകൾക്ക് എതിർപ്പുണ്ട്. അതുകൊണ്ട് ജനങ്ങൾക്ക് യാത്ര ചെയ്യാൻ ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. നാഷണൽ ഹൈവേയുടെ ഒരു ബിൽ കൊണ്ടുവരികയാണ്. ആ ബില്ലിൽ ഈ തരത്തിലുള്ള തോട്ടം മുതലാളിമാരുടെ കൈയിലുള്ള റോഡുകളെ ഗവൺമെന്റ് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുകയും, അതിൽക്കൂടി വാഹനം ഓടാനുള്ള കർശനമായ തീരുമാനം ഉണ്ടാകുകയും വേണം. തോട്ടം മുതലാളിമാർ പലരും ആയിരക്കണക്കിന് ഏക്കർ വച്ചുകൊണ്ടിരിക്കുകയാണ്. പീരുമേട്, ഉടുമ്പൻചോല, മൂന്നാർ ഈ മേഖലകളിൽ ഈ തരത്തിലുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ആയിരവും രണ്ടായിരവും ആറായിരവും ഏക്കർ തോട്ടങ്ങളിലൂടെയാണ് റോഡുകൾ പോകുന്നത്. ആറായിരം ഏക്കറുള്ള ഒരു തോട്ടത്തിലൂടെ ഞങ്ങൾ റോഡ് തുറന്നുകൊടുത്തു. അത് ബഹുമാനപ്പെട്ട സി.എ. കുര്യന്റെ മണ്ഡലത്തിലാണ് 40 കൊല്ലമായിട്ടുള്ള ഒരു ഡിമാന്റായിരുന്നു അത്. ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുവന്നു. അപ്പുറത്ത് 10000 ആളുകൾ താമസിക്കുകയാണ്. ബസ്സ് പോകുന്നതിനുപോലും ഗേറ്റ് വച്ചിരിക്കുകയാണ്. ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ഏക്കർ റ്റാറ്റാ എസ്റ്റേറ്റാണ്. അതിനകത്ത് ധാരാളം റോഡുകളുണ്ട്. നാഷണൽ ഹൈവേയും പോകുന്നുണ്ട്. ആ സ്ഥലമെല്ലാം അക്വയർ ചെയ്യുന്നതിന് ഇപ്പോൾ നിയമതടസ്സമൊന്നും ഇല്ല. നഷ്ടപരിഹാരം കൊടുക്കാതെ ഭൂമി എടുക്കാൻ പറ്റുമോ എന്നുള്ള കാര്യമാണ് അദ്ദേഹം പറഞ്ഞത് എന്നു തോന്നുന്നു. ഈ കാര്യം അദ്ദേഹം എന്നോട് സംസാരിച്ചിട്ടുള്ളതാണ്. തീർച്ചയായിട്ടും പൊതു ആവശ്യത്തിന് ഭൂമി തരാതെ അങ്ങനെ വച്ചുകൊണ്ടിരിക്കാൻ പറ്റില്ല. പതിനായിരത്തോളം ആളുകൾ താമസിക്കുകയാണ് അവിടെ. നാഷണൽ ഹൈവേ പോകുന്ന സ്ഥലത്ത് ഇപ്പോഴും ആറു മീറ്റർ റോഡ് നിൽക്കുകയാണ്. ആ നിലമാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. ഈ കാര്യം ഗൗരവമായി ആലോചിക്കാം.

<u>ശ്രീ. എ. കണാരൻ</u> : സർ, വാഹനങ്ങൾ അധികരിച്ചുവരുന്നതിന്റെ ഫലമായി ദേശീയ പാത, ആറുവരിപ്പാത, 4 വരിപ്പാത അങ്ങനെയൊക്കെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ഈ റോഡിന്റെ ഇരുവശങ്ങളിലും കാലാകാലമായി കുടുംബസമേതം കച്ചവടം ചെയ്തുകൊണ്ടിരിക്കുന്ന കച്ചവടസ്ഥാപനങ്ങൾ പൊളിച്ചുമാറ്റേണ്ടതായി വരുന്നുണ്ട്. പഴവങ്ങാടി 6 വരിപ്പാത വരുമ്പോൾ അവർക്ക് പുനരധിവാസം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. സന്തോഷകരമായ അവസ്ഥയുണ്ടായി. അങ്ങനെ 6 വരിപ്പാതയും 4 വരിപ്പാതയുമായി ദേശീയപാത ഉണ്ടാക്കുമ്പോൾ ഇരുഭാഗത്തും കച്ചവടം ചെയ്യുന്നവർക്ക് പുനരധിവാസത്തിനുവേണ്ടിയുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പാട് ചെയ്യുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : വളരെ ഗൗരവമായ ഒരു വിഷയമാണിത്. അത് മനുഷ്യത്വപരമായ ഒരു സമീപനം കൂടിയാണ്. കച്ചവടം നടത്തി ജീവിച്ചുകൊണ്ടിരിക്കുന്നവരെ പുനരധിവസിപ്പിച്ചു മാത്രമേ അവിടെനിന്നും ഒഴിവാക്കാൻ നിവൃത്തിയുള്ളൂ. ആ സമീപനം സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ.പി.എ. മജീദ്</u> : സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡിൽ ഇരുവശവുമുള്ള സ്ഥലം വളരെ കൊല്ലങ്ങളോളമായി കൈയേറിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയൊരു സംഭവം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. റവന്യൂവിന്റെ സർവ്വേയിൽ ഇങ്ങനെ റോഡോ, സ്ഥലമോ കാണുന്നില്ല. ധാരാളം ഭൂമിയുള്ള ആളുകൾതന്നെ റോഡും സ്ഥലവും കയ്യേറി കോടതിയിൽ പോയി ഉത്തരവു വാങ്ങുകയാണ്. ഉദ്യോഗ സ്ഥന്മാർ ഒന്നും ചെയ്യുന്നില്ല. പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലം കൈയേറ്റമുണ്ടായാൽ നടപടി എടുത്തില്ലയെങ്കിൽ, ആ സമയത്തെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കും എന്നുള്ള നിലപാട് സ്വീകരിച്ചില്ലെങ്കിൽ ഈ പ്രവണത വർദ്ധിക്കും, കോടതിയിൽ പോയാൽ ഗവൺമെന്റ് പ്ലീഡർമാർ ഒന്നും ചെയ്യുന്നില്ല. ഉത്തരവു വാങ്ങി ഓരോരുത്തരും കൈയേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റോഡിന്റെ വീതി കൂട്ടാൻപോലും സൗകര്യമില്ലാത്ത സ്ഥിതി വരുകയാണ്. ബഹു. മന്ത്രിക്ക് നിവേദനം നൽകി നിർദ്ദേശം കൊടുത്തിട്ട് ഒരു നടപടിയും ഉണ്ടാകുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യണം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ സഭയുടെ വികാരം ഉൾക്കൊള്ളുന്നു. റോഡുകൾ വികസിക്കണം, വീതിയുണ്ടാകണം, അപകടം ഒഴിവാക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പും റവന്യൂവകുപ്പും പി.ഡബ്ല്യു.ഡിയും കൂടിച്ചേരണം. ആ തരത്തിൽ ഈ കാര്യങ്ങളെപ്പറ്റി വിവിധ വകുപ്പുകൾ യോജിച്ച് ഒരു സമീപനം സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ജോസ് ബേബി</u> : കഴിഞ്ഞ നിയമസഭാ സമ്മേളന വേളയിൽ ഞാനും ശ്രീ. ആര്യാടൻ മുഹമ്മദും ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് റോഡുകൾ ടാറു ചെയ്തുകഴിഞ്ഞാൽ ഉടൻതന്നെ വാട്ടർ അതോറിറ്റിക്കാർ ആ റോഡ് കുത്തിപ്പൊളിക്കും. അതുകഴിഞ്ഞ് ഒരു മാസം കഴിയുമ്പോൾ ടെലിഫോൺ ഡിപ്പാർട്ടുമെന്റ് കുത്തിപ്പൊളിക്കും. അങ്ങനെ പൊളിച്ചുകഴിഞ്ഞാൽ ഒന്ന്-ഒന്നരവർഷം കഴിഞ്ഞേ ആ കുഴിതന്നെ നികത്തുകയുള്ളൂ. അതു പരിഹരിക്കുന്നതിന് ഈ ഡിപ്പാർട്ടുമെന്റുകളെല്ലാം കൂടി ആലോചിച്ചുകൊണ്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിപോലെ ഒരു സംവിധാനമുണ്ടാക്കുകയും അതിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുകയും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഉറപ്പുനൽകിയിരുന്നു. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അതിനാവശ്യമായ ധാരണകളുണ്ടാക്കിയിട്ടുണ്ടോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : പി.ഡബ്ല്യു.ഡി. റോഡിനുള്ളിൽക്കൂടി അല്ല പൈപ്പിടേണ്ടത്. നമുക്ക് സ്ഥലമില്ലാത്തതുകൊണ്ടാണ്. മുമ്പ് ധാരാളം സ്ഥലമുണ്ടായിരുന്നു. വാട്ടർ അതോറിറ്റിക്ക് പൈപ്പിടണമെങ്കിൽ അതിന് പ്രത്യേകം സ്ഥലം എടുത്തുകൊള്ളണം എന്ന നിലയിൽ ഇനി തീരുന്ന ബൈപ്പാസുകളിൽ പുതിയ റോഡിൽ ഒരു കാരണവശാലും ഒരു ഡിപ്പാർട്ടുമെന്റിനേയും റോഡ് കുത്തിപ്പൊളിക്കാൻ അനുവദിക്കുകയില്ല. അതിനുവെളിയിൽ മാത്രമേ ഇടാൻ അനുവദിക്കുകയുള്ളൂ.

<u>ശ്രീ. കെ.സി. ജോസഫ്</u> : നമ്മുടെ ഗ്രാമപ്രദേശങ്ങൾ വളരെവേഗം നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളംതന്നെ വലിയ പട്ടണമാണ്. അങ്ങു പറയുന്ന സംരക്ഷണം കിട്ടാൻ പോകുന്നത് എം.ഡി.ആർ.-നും ഹൈവേയ്ക്കും നാഷണൽ ഹൈവേയ്ക്കും മാത്രമേയുള്ളൂ. അതുകൊണ്ട് ഗ്രാമീണ മേഖലയ്ക്കുകൂടി ബാധകമാകുന്ന തരത്തിൽ ഗ്രാമീണ മേഖലയിലെ റോഡുകൾ, ശൃംഖലകൾ എം.ഡി.ആർ. ആക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രൊപ്പോസൽസ് ഇനിയും വച്ചുതാമസിപ്പിക്കാതിരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : മറ്റു സംസ്ഥാനങ്ങൾ സ്വീകരിച്ചിരിക്കുന്നത് പ്രധാനപ്പെട്ട റോഡുകൾ ഹൈവേയായി പ്രഖ്യാപിക്കുക എന്നുള്ളതാണ്. ആ ഹൈവേ എന്നുള്ള പ്രഖ്യാപനം കേരളത്തിൽ വരാതെ പോയതുകൊണ്ടുള്ള ചില കുഴപ്പങ്ങളെപ്പറ്റിയാണ് ശ്രീ. കെ.സി. ജോസഫ് സൂചിപ്പിച്ചിട്ടുള്ളത്. ഈ കാര്യങ്ങൾ ചർച്ചചെയ്യാവുന്നതാണ്.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും ദേശീയപാതകളുടെയും സമീപത്ത് കെട്ടിടനിർമ്മാണത്തിന് അനുമതി കൊടുക്കുന്നത് റോഡുവികസനത്തിന് തടസ്സമായി വരുന്നതുപോലെതന്നെ മേജർ ഡിസ്ട്രിക്ട് റോഡുകളുടേയും ഡിസ്ട്രിക്ട് റോഡുകളുടേയും സമീപത്ത് വളരെ കാലങ്ങളായി കൈവശംവച്ച് പത്തും പതിനഞ്ചും മീറ്റർ ദൂരം മാറി കെട്ടിടംവച്ച് താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കുന്നതിന് പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് ഇത്ര വീതി വേണമെന്ന് തിട്ടപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം കൊടുക്കുന്നതിന് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഓരോ കേസ്സിലും റോഡിന് ആവശ്യമില്ലെങ്കിൽ ആ സ്ഥലത്തിന് പട്ടയം കൊടുക്കേണ്ടതാണ്. ഓരോ കേസ്സിന്റേയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : കേരളത്തിലെ ഏക നാലുവരിപ്പാതയാണ് ആലുവ-ചേർത്തല. അതിൽ വൈറ്റില മുതൽ അരൂർ വരെ നാലുവരിപാതയില്ല. അതുകൊണ്ട് കുണ്ടന്നൂർ മേഖലയിൽ പുതിയ തേവര-കുണ്ടന്നൂർ നാഷണൽ ഹൈവേ തുറക്കാൻ പോവുകയാണ്. ആ പ്രദേശത്ത് നാലുവരിപ്പാതയുടെ ഭൂമി മുഴുവൻ കൈയേറിക്കഴിഞ്ഞു. വൻകിട ഹോട്ടലുകാരും കാർഷോറൂമുമൊക്കെ കൈയേറിക്കഴിഞ്ഞു. അവരുടെ കാറുകൾ പാർക്കു ചെയ്യുന്നത് ദേശീയപാതയിലാണ്. ഈയിടെ പുതിയ ബില്ലിന്റെ പേരിൽ നോട്ടീസുകൊടുത്തു. അവർ കോടതിയിൽ പോയി സ്റ്റേ വാങ്ങിച്ചു. അടിയന്തിരമായി ഒന്നുകിൽ നാലുവരിപ്പാതയായി കൺവേർഷൻ നടത്തുക, ഇല്ലെങ്കിൽ കോടതിയിലുള്ള സ്റ്റേ വെക്കേറ്റുചെയ്ത് വൻകിടക്കാരിൽനിന്ന് അത് ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : ജനകീയ പങ്കാളിത്തത്തോടുകൂടി തൃശ്ശൂർ ജില്ലയിലെ ഒല്ലൂരിൽ റെയിൽവേ മേൽപ്പാലത്തിന്റെ പണി പൂർത്തിയാക്കൽ കഴിഞ്ഞിരിക്കുകയാണ്. ഒല്ലൂരിൽ ദേശീയപാതയിൽനിന്ന് നാട്ടിക തീരദേശീയ റെയിൽവേ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ആനക്കല്ല്, പാലയ്ക്കൽ, പെരുങ്ങോട്ടുകര, തൃപ്രയാർ റോഡ് 15 കി.മീ. നീളം വരുന്ന റോഡാണ്. വളരെക്കൂടുതൽ യാത്രാസൗകര്യങ്ങളുള്ള റോഡാണ്. ഇത് സ്റ്റേറ്റ് ഹൈവേയായിട്ട് ഉയർത്തണമെന്നുള്ള നിർദ്ദേശം വളരെ വർഷങ്ങളായിട്ടുള്ളതാണ്. ഈ റെയിൽവേ മേൽപ്പാലം ഉദ്ഘാടനം ചെയ്തതോടുകൂടി ആ വഴിയിലൂടെയുള്ള യാത്രാസൗകര്യം കൂടാൻ പോവുകയാണ്. അത് കണക്കിലെടുത്തുകൊണ്ട് സ്റ്റേറ്റ് ഹൈവേയായിട്ട് ഉയർത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ ചോദ്യവുമായി നേരിട്ട് ബന്ധമില്ലെങ്കിലും ഇത് പ്രത്യേകം ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : കേരളത്തിലെ നാഷണൽ ഹൈവേ ദേശീയ ശരാശരിയുടെ രണ്ടു ശതമാനം മാത്രമാണ്. ഈ ചുരുങ്ങിയ നാഷണൽ ഹൈവേയുടെ ഭൂരിപക്ഷം പ്രദേശവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാളിറ്റി വളരെ മോശമാണ്. അത് ഇംപ്രൂവ് ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് എന്തെങ്കിലും ചർച്ചയോ നടപടിയോ ആലോചിക്കുന്നുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : പലവട്ടം ചർച്ചകൾ നടത്തിയിട്ടുണ്ട്. എക്സ്പ്രസ് ഹൈവേ അല്ലെങ്കിൽ golden quadrangular അതിൽ കേരളം അവ ഗണിക്കപ്പെട്ടതിനെപ്പറ്റി വളരെ ഗൗരവമായി കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും പൊതുപ്രവർത്തകരും അയൽ സംസ്ഥാനങ്ങളോടുപോലും ചേർന്ന് നീക്കം നടത്തേണ്ടിയിരിക്കുകയാണ്.

മി. സ്പീക്കർ : ഒരു ബില്ലുതന്നെ നമ്മൾ ചർച്ച ചെയ്യുകയല്ലേ.

LIBRARY ARCHIVES Kerala Legislative Assembly

5 (*240) വികലാംഗർക്കുള്ള വിദ്യാഭ്യാസത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി

ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. സി.എൻ. ജയദേവൻ :

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കുള്ള വിദ്യാഭ്യാസത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) 1974-75 മുതൽ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു.

1) കുട്ടികൾക്കായുള്ള വൈദ്യപരിശോധന

2) താഴെ പറയുംപ്രകാരം സാമ്പത്തികസഹായം നൽകിവരുന്നുണ്ട്.

i) ബുക്ക്സ് ആന്റ് സ്റ്റേഷനറി അലവൻസ് പ്രതിവർഷം 400 രൂപ.